**ഇഹ്സാൻ**

# വാജ്പേയിക്ക് ഭാരതരത്നമോ?

**ഭാരതരത്ന** അവാർഡ് ആർക്കു കൊടുക്കണം? അമൃതാനന്ദ മയുടേതു മുതൽ വാജ്പേയിയുടെയും ജ്യോതിബസുവിന്റെയും കരുണാനിധിയുടെയും കാൻഷിറാമിൻെറയും ബിജു പട്നായിക്കിന്റെയും കർപൂരി ഠാക്കൂറിന്റെയും ജ്യോതിബാഫുലെയുടെയും മുഹമ്മദ് റഫിയുടെയും വൈ.ബി ചവാന്റെയും ചന്ദ്രശേഖറിന്റെയും മറ്റുമായി ആവശ്യത്തിലേറെ പേരുകൾ ഇതിനകം ചർച്ചയിൽ ഇടം പിടിച്ചു കഴിഞ്ഞു. പ്രധാനമന്ത്രിയും പ്രതിപക്ഷ നേതാവും രാജ്യസഭാ അധ്യക്ഷനും ചേർന്ന് അന്തിമമായി തീരുമാനിക്കേണ്ട ഇക്കാര്യം പൊതുമധ്യത്തിലേക്ക് വലിച്ചിറക്കി വഷളാക്കിയത് പ്രതിപക്ഷ നേതാവു തന്നെയാണ്. അദ്ദേഹമാണ് വാജ്പേയിയുടെ പേര് നിർദേശിച്ച് പ്രധാനമന്ത്രിക്ക് കത്തയച്ചതും ആ കത്ത് മാധ്യമങ്ങൾക്ക് ചോർത്തി കൊടുത്തതും. രാജ്യത്തെ ഏറ്റവും മികച്ച ഈ ബഹുമതിക്കു വേണ്ടി എക്കാലത്തും ചരടുവലികളും ഉപജാപങ്ങളും അരങ്ങേറിയിരുന്നുവെന്നത് വസ്തുതയാണ്. പക്ഷേ എൽ.കെ അദ്വാനിയാണ് ഇന്ത്യാ ചരിത്രത്തിൽ ഇതാദ്യമായി ഈ ചരടുവലിയെ പരസ്യമായി രാഷ്ട്രീയവൽക്കരിച്ചത്. വാജ്പേയിക്ക് ഭാരതരത്ന കൊടുക്കണമോ വേണ്ടയോ എന്ന തർക്കം അങ്ങാടിയിലേക്ക് എടുത്തിടുകവഴി അദ്വാനി ഇന്ത്യൻ രാഷ്ട്രീയ പ്രക്രിയയുടെ അന്തസ്സ് ഇടിച്ചു താഴ്ത്തുക കൂടിയാണ് ചെയ്തത്.

വാജ്പേയി പ്രധാനമന്ത്രിയായത് ബി.ജെ.പിക്ക് ജനങ്ങളുടെ മുമ്പിൽ വെക്കാൻ അതിനേക്കാൾ കൊള്ളാവുന്ന രണ്ടാമതൊരാൾ ഇല്ലാത്തതുകൊണ്ടായിരുന്നു എന്ന സത്യം മറന്നു പോകരുത്. വാജ്പേയിയെ പ്രധാനമന്ത്രിയാക്കുമ്പോൾ എൽ.കെ അദ്വാനി എന്ന കൂടുതൽ മോശപ്പെട്ട പ്രധാനമന്ത്രിയുടെ സാധ്യതയെ അന്ന് എല്ലാവരും ഭയപ്പെടുകയായിരുന്നു ചെയ്തത്. ഇന്ന് അദ്വാനി പ്രധാനമന്ത്രി സ്ഥാനാർഥിയായത് മോഡി എന്ന മറ്റൊരു മോശപ്പെട്ടവന്റെ സാധ്യതയുടെ പുറത്താണെന്നതും മറക്കരുത്. വാജ്പേയിയും അദ്വാനിയും തമ്മിൽ ഉള്ളതായി മാധ്യമങ്ങൾ പൊലിപ്പിച്ചു കാട്ടിയ മിതവാദി-തീവ്രവാദി സിദ്ധാന്തങ്ങൾ കടലാസിൽ അച്ചടിക്കാൻ കൊള്ളുമെങ്കിലും സത്വത്തിൽ ഒരു വ്യത്യാസവും ഇരുവരും തമ്മിലുണ്ടായിരുന്നില്ല. ബി.ജെ.പിയുടെ മുഖംമൂടിയാണ് വാജ്പേയിയെന്ന് നാലു വർഷം മുമ്പുവരെ മാധ്യമങ്ങൾ പ്രചരിപ്പിച്ചിരുന്നു. ബാബരിമസ്ജിദ് തകർക്കുന്നതിനു വേണ്ടി 1992 ഡിസംബറിൽ നടന്ന ഗൂഢാലോചനാ യോഗത്തിൽ പങ്കെടുത്തതിനു ശേഷമാണ് 'മാന്യനാവാൻ' വേണ്ടി വാജ്പേയി സ്ഥലത്തുനിന്നും വിട്ടുനിന്നത്. അദ്വാനി ഈ പ്രക്രിയയുടെ നേരിട്ടുള്ള കാർമികത്വം വഹിക്കാനുള്ള ധൈര്യം കാണിച്ചപ്പോൾ വാജ്പേയി പ്രസ്തുത സമരത്തിന്റെ എല്ലാഘട്ടത്തിലും പിന്നിലുണ്ടായിരുന്നു. എന്നല്ല, പിന്നീടെപ്പോഴെങ്കിലും ഈ തെറ്റ് തിരുത്താനുള്ള നീക്കങ്ങൾ പ്രധാനമന്ത്രിയായിരുന്ന കാലത്തോ അല്ലാത്തപ്പോഴോ വാജ്പേയി ചെയ്തിട്ടുമില്ല. ഇതേ വാജ്പേയിയുടെ കാലത്താണ് ഇന്ത്യാ ചരിത്രത്തിലെ എക്കാലത്തെയും നെറികെട്ട വർഗീയ കലാപമുണ്ടായത്. സ്വന്തം പാർട്ടിയുടെ കൂടി പ്രതിഛായയെ ബാധിക്കുന്ന ഈ കലാപം അഹ്മദാബാദിലെ തെരുവുകളിൽ കത്തിപ്പടരുമ്പോൾ ഇടപെടണമെന്ന് നിർദേശിച്ച് അന്നത്തെ രാഷ്ട്രപതി കെ.ആർ നാരായണൻ വാജ്പേയിക്ക് കത്തയച്ചിരുന്നു. ആ കത്തിന് ഭരണഘടനാപരമായ ബാധ്യതാപൂരണം പോലും നിർവഹിക്കാത്ത പ്രധാനമന്ത്രിയായിരുന്നു വാജ്പേയി. രാജ്യത്തെ എല്ലാ വിഭാഗം ജനങ്ങളുടെയും പോയിട്ട് ഹിന്ദുക്കളുടെ പോലും പ്രധാനമന്ത്രിയാവാൻ അദ്ദേഹത്തിനു കഴിഞ്ഞിരുന്നില്ല. വെറും ആർ.എസ്.എസ്സുകാരുടെ പ്രധാനമന്ത്രിയായിരുന്നു അദ്ദേഹം.

ഭാരതരത്ന ഇതുവരെ സ്വീകരിച്ചവരുടെ പട്ടിക എടുത്തു നോക്കിയാലറിയാം, ഇതിൽ വാജ്പേയി എവിടെ നിൽക്കുന്നുവെന്ന്. മുൻ പ്രധാനമന്ത്രിമാരിൽ ഇന്ദിരാഗാന്ധിയും രാജീവ് ഗാന്ധിയും ഈ പട്ടികയിൽ കയറിക്കൂടിയത് കോൺഗ്രസ്സിന്റെ ഔദാര്യം കൊണ്ടാണെന്ന് ബി.ജെ.പി പോലും പറയില്ല. രാജ്യത്തിനു വേണ്ടി മരിച്ചുവീണവർ എന്ന നിലയിലാണ് ഈ മുൻ പ്രധാനമന്ത്രിമാരെ പിൽക്കാല സർക്കാറുകൾ അംഗീകരിച്ചത്. അവരല്ലാത്ത മറ്റു രാഷ്ട്രീയക്കാർ സ്വാതന്ത്ര്യസമര സേനാനികളോ അത്യസാധാരണമാംവിധം രാഷ്ട്രസേവന രംഗത്ത് മാതൃക കാണിച്ചവരോ ആയിരുന്നു. അതേസമയം വാജ്പേയിയുടെ സംഭാവന എന്താണ്? പൊട്ടിത്തെറികളും യുദ്ധവും മതവൈരവും വർഗീയതയും ഭീകരാക്രമണങ്ങളും അടിസ്ഥാന സങ്കൽപങ്ങളായി മാറിയ ഒരു ഭരണമാണ് അദ്ദേഹം കാഴ്ചവെച്ചത്. പൊതുമേഖലാ സ്ഥാപനങ്ങൾ വിറ്റുതുലച്ചതാണ് അതിന്റെ സാമ്പത്തിക ബാക്കിപത്രം. കർഷകനും ചെറുകിട ഉൽപാദകനും കുത്തുപാളയെടുത്തു എൻ.ഡി.എ ഭരണ കാലത്ത്. ഇതിൽ ഏതിനെ ചൊല്ലിയാണ് വാജ്പേയിക്ക് ഭാരതരത്ന കൊടുക്കേണ്ടത്?

രാഷ്ട്രീയത്തിന്റെ അടിസ്ഥാനം സ്വാർഥതയും സ്വജനപക്ഷപാതവും സ്വകാര്യ താൽപര്യങ്ങളുമായി വേർതിരിഞ്ഞ കാലത്താണ് നാം ജീവിക്കുന്നത്. കലയും സാഹിത്യവും സിനിമയും സ്പോർട്സും ജനങ്ങളെ ഒന്നിപ്പിക്കുന്നതു പോലെ രാഷ്ട്രീയക്കാരൻ ഭാഷക്കും ദേശത്തിനും അതീതനായി സ്വീകാര്യത നേടുന്നില്ല. അടിസ്ഥാനപരമായി ഇവരെല്ലാം തന്നെ ഓരോ രാഷ്ട്രീയ സിദ്ധാന്തങ്ങളെയാണ് പ്രതിനിധാനം ചെയ്യുന്നത്. ആ സിദ്ധാന്തത്തിൽ വിശ്വസിക്കുന്നവനെ സംബന്ധിച്ചേടത്തോളം സ്വന്തം നേതാവ് രാജ്യത്തിന്റെ രത്നമാണെന്ന തോന്നലുണ്ടാവുന്നു. വാജ്പേയിയെ പോലുള്ളവരെ ഈ പദവിയിലേക്ക് തെരഞ്ഞെടുക്കുമ്പോൾ ബീഹാർ മുഖ്യമന്ത്രിയായിരുന്ന കർപൂരി ഠാക്കൂറിന്റെ അർഹതയെ കുറിച്ചു പോലും ചർച്ച ഉയരുന്നതിന്റെ കാരണവും അതാണ്. എല്ലാ രാഷ്ട്രീയ പാർട്ടി നേതാക്കളുടെ കാര്യവും ഇക്കണക്കിന് പ്രസക്തമാണെന്നു വരും. ഒന്നുകിൽ ഈ പദവി സാംസ്കാരിക നായകന്മാരിൽ മാത്രമായി പരിമിതപ്പെടുത്തുക. അല്ലെങ്കിൽ എല്ലാ രാഷ്ട്രീയക്കാർക്കും വാരിക്കോരി നൽകുക. രാജ്യതാൽപര്യത്തെ ഉയർത്തിപ്പിടിച്ചും സമൂഹത്തിന് മാതൃകയായും വേറിട്ടുനിൽക്കുന്ന വ്യക്തികളാണ് വാജ്പേയി അടക്കമുള്ള ഈ നേതാക്കളെന്ന അവകാശവാദം ശുദ്ധ അസംബന്ധമാണ്. ■